## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 393** **23-07-2021 - ൽ മറുപടിയ്ക്ക്**

## ആദിവാസി പുനരധിവാസ മേഖലയിലെ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | അട്ടപ്പാടിയിലെ വരടിമല പുനരധിവാസ മേഖലയിൽ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; ഇവിടെ ഫാമിങ് സൊസൈറ്റി ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് പട്ടികവർഗവകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; | (എ) | പദ്ധതിയില്ല. സംഘത്തിന്റെ കീഴിലുള്ള ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി 21.08.2018-ലെ ജി.ഒ(ആർ.ടി)നം.978/2018/ പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ആദിവാസികളുടെ പുനരധിവാസത്തിനും കൃഷിക്കും അനുവദിച്ച ഭൂമിയിൽനിന്ന് അവരെ ഒഴിപ്പിച്ച് പ്രസ്തുത ഭൂമി ടൂറിസം പദ്ധതിക്ക് ഉപയോഗിക്കുന്നതിന് എന്തെല്ലാം തടസങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികവർഗ്ഗക്കാർക്ക് കൃഷിയ്ക്കും പുനരധിവാസത്തിനും അനുവദിച്ച ഭൂമിയിൽ നിന്നും അവരെ ഒഴിപ്പിച്ച് ഭൂമി ടൂറിസം പദ്ധതിയ്ക്ക് അനുവദിക്കുവാൻ തീരുമാനിച്ചിട്ടില്ല/തീരുമാനിക്കില്ല. |
| (സി) | അട്ടപ്പാടിയിൽ വിദ്യാധിരാജ ട്രസ്റ്റ് ആദിവാസി ഭൂമി കൈയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | പരാതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ